ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും 140 ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ 60 എണ്ണത്തിൽ ഓരോ ക്ലാർക്കിന്റെയും ഓഫീസ് അസിസ്റ്റന്റിന്റെയും തസ്തികകൾ നിലവിലുണ്ട്. 80 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിൽ ക്ലാർക്കിന്റെയോ ഓഫീസ് അസിസ്റ്റന്റിന്റെയോ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ഇ) ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ തസ്തികകളും സ്റ്റാറ്റ്യൂട്ടറി തസ്തികകളാണ്. ആയതുകൊണ്ട് തന്നെ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും മറ്റിതര വകുപ്പുകളുടെ ഏതെങ്കിലും തസ്തികയിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ചെയ്യുവാൻ നിയമപരമായി കഴിയുകയില്ല.

ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക

80 (4883) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക പൂർണ്ണമായി നൽകിക്കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം ഇവരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. 2015 ഏപ്രിൽമുതൽ ജൂൺവരെ കുടിശ്ശികയുണ്ട്.

(ബി) ഉത്തരവായിട്ടില്ല.

പുതിയ മെഡിക്കൽ കോളേജുകളുടെ സ്ഥാപനം

81 (4884) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly